**ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ**
**22.11.2017–ന് ചേർന്ന**
**ലൈഫ് മിഷൻ രണ്ടാമത് ഉപ സമിതി യോഗത്തിന്റെ മിനിട്ട്സ്**

അജണ്ട 1.

ലൈഫ് മിഷൻ ഉപസമിതിയുടെ ഒന്നാമത് യോഗത്തിന്റെ മിനിട്ട്സ് അംഗീകരിക്കുന്നത്.

*തീരുമാനം*

ലൈഫ് മിഷൻ ഉപസമിതിയുടെ ഒന്നാമത് യോഗത്തിന്റെ മിനിട്ട്സ് അംഗീകരിച്ചു. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിലെ ഭവനരഹിതരായ ഗുണഭോക്താക്കൾക്ക് റേഷൻ കാർഡ് ഇല്ലായെങ്കിലും പരിഗണിക്കണമെന്ന യോഗ തീരുമാനം കമ്മിറ്റി പുന:പരിശോധിച്ചു. ഈ ഘട്ടത്തിൽ പ്രസ്തുത തീരുമാനമെടുക്കുന്നത് ബുദ്ധിമുട്ട് ഉണ്ടാക്കുമെന്നും ആയതിനാൽ റേഷൻ കാർഡില്ലാത്ത, എന്നാൽ യോഗ്യരായ ഗുണഭോക്താക്കൾ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽ ഉള്ളപക്ഷം അവരെ ബന്ധപ്പെട്ട വകുപ്പുകൾ കണ്ടെത്താനും തുടർന്ന് പരിശോധിച്ച് അവരെ അടുത്ത ഘട്ടത്തിൽലൈഫ് – ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെടുത്തുവാനും തീരുമാനിച്ചു.

അജണ്ട 2. **ലൈഫ് മിഷൻ ഗുണഭോക്തൃ പട്ടിക അന്തിമമാക്കുന്നത് സംബന്ധിച്ച്.**

ജില്ലാതല അപ്പീൽ പരിശോധന വേളയിൽ ജില്ലാ കളക്ടർ പരിശോധിച്ച് സാമൂഹിക പശ്ചാത്തലം മനസ്സിലാക്കി മാനുഷിക പരിഗണന നൽകി അർഹനാണ് എന്ന് കണ്ടെത്തിയിട്ടുള്ള ഗുണഭോക്താക്കളെ പട്ടികയിൽ ഉൾപ്പെടുത്തുന്നത് യോഗം ചർച്ച ചെയ്തു. കൂടാതെ കഴിഞ്ഞ മീറ്റിംഗിലെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ റേഷൻ കാർഡ് ഇല്ലാത്ത പട്ടികജാതി, പട്ടികവർഗ്ഗ ഗുണഭോക്താക്കളെ ലൈഫ് പട്ടികയിൽ ഉൾപ്പെടുത്തുന്നതിനുള്ള മാർഗ്ഗവും യോഗം ചർച്ച ചെയ്തു.

*തീരുമാനം*

1. ജില്ലാ കളക്ടർ അർഹനാണെന്ന് കണ്ടെത്തിയിട്ടും ഒഴിവാക്കപ്പെട്ടുപോയ ഗുണഭോക്താക്കളെ അർഹത പട്ടികയിൽ ഉൾപ്പെടുത്തുന്നതിനായി വീണ്ടും പരിശോധന നടത്തിയശേഷം അടുത്ത ഘട്ടത്തിൽ പരിഗണിക്കാമെന്ന് തീരുമാനിച്ചു.
2. നിലവിൽ ലൈഫിന്റെ ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെടാത്ത പട്ടികജാതി പട്ടികവർഗ്ഗ/ തോട്ടം തൊഴിലാളികൾ എന്നീ ഗുണഭോക്താക്കളുടെ പട്ടിക ബന്ധപ്പെട്ട വകുപ്പുകൾ ശേഖരിച്ച് ലൈഫ് മിഷന് കൈമാറുവാനും, തുടർന്ന് ഗ്രാമസഭയുടെ അംഗീകാരത്തോടുകൂടി രണ്ടാംഘട്ടമായി ഉൾപ്പെടുത്തുവാനും തീരുമാനിച്ചു. ഇവ ലൈഫിന്റെ ആദ്യഘട്ട ലിസ്റ്റ് പൂർത്തിയാക്കിയതിന് ശേഷം മാത്രം പരിഗണിച്ചാൽ മതിയാകും.

അജണ്ട 3.

**ഗുണഭോക്തൃ പട്ടിക പുതുക്കുന്നത്.**

ലൈഫ് പട്ടികയിൽ ഉൾപ്പെടുത്തണം എന്ന ആവശ്യവുമായി ബഹു. മുഖ്യമന്ത്രി, ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി, ചീഫ് എക്സിക്യൂട്ടീവ് ആഫീസർ എന്നിവർക്ക് ലഭിക്കുന്ന അപേക്ഷകളും ഗ്രാമസഭ പട്ടികയ്ക്ക് അന്തിമ അംഗീകാരം ലഭിച്ച ശേഷവും ഇത്തരത്തിൽ ലഭിക്കുന്ന അപേക്ഷകൾ എപ്രകാരം പരിഗണിക്കാമെന്ന് യോഗം ചർച്ച ചെയ്തു.

*തീരുമാനം :*

ഇത്തരത്തിൽ കിട്ടുന്ന അപേക്ഷകൾ പരിശോധിച്ച് അർഹരാണെന്ന് കാണുന്ന പക്ഷം ആയത് ജില്ലാ തലത്തിൽ ശേഖരിച്ച് സൂക്ഷിക്കുന്നതിനും തുടർന്ന് ലൈഫ് മിഷൻ കൈക്കൊള്ളുന്ന തീരുമാനത്തിന് വിധേയമായി പരിഗണിക്കാനും തീരുമാനിച്ചു.

അജണ്ട 4.

**ഭവനനിധിക്ക് ബാങ്ക് അക്കൗണ്ട് ആരംഭിക്കുന്നത്**

തദ്ദേശ സ്ഥാപനങ്ങൾ രൂപീകരിക്കുന്ന "ഭവനനിധി" സംസ്ഥാനത്ത് ഒട്ടാകെ ഒരൊറ്റ ബാങ്കിൽ സൂക്ഷിക്കുന്നത് പ്രസ്തുത അക്കൗണ്ടുകളെ സംസ്ഥാനതലത്തിൽ മോണിറ്റർ ചെയ്യുന്നതിന് അഭികാമ്യമായിരിക്കും എന്ന് യോഗം വിലയിരുത്തി. ലൈഫിന് വേണ്ടി തുടങ്ങുന്ന എസ്.ബി അക്കൗണ്ടുകൾക്ക് 4% പലിശ നിരക്ക് നൽകാം എന്ന് 'കേരള ഗ്രാമീൺ ബാങ്ക്' ഉറപ്പ് നൽകിയിട്ടുള്ള സാഹചര്യത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ "ഭവനനിധി" അക്കൗണ്ട് കേരള ഗ്രാമീൺ ബാങ്കിൽ ആരംഭിക്കുന്നതിനുള്ള നിർദ്ദേശം നൽകാമെന്ന് യോഗം തീരുമാനിച്ചു.

തീരുമാനം

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ "ഭവനനിധി" അക്കൗണ്ട് കേരള ഗ്രാമീൺ ബാങ്കിൽ ആരംഭിക്കുന്നതിനുള്ള നിർദ്ദേശം നൽകാൻ തീരുമാനിച്ചു. കേരള ഗ്രാമീൺ ബാങ്ക് ആകുന്നപക്ഷം എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും പ്രതിമാസ ബാങ്ക് സ്റ്റേറ്റ്മെന്റ് ലൈഫ് മിഷൻ യോഗത്തിലേക്ക് നൽകാൻ കഴിയും എന്ന് യോഗം വിലയിരുത്തി.

അജണ്ട 5.

**എസ്.സി.പി ഫണ്ട് ഉപയോഗിച്ച് ഭൂരഹിതരുടെ പുനരധിവാസത്തിന് വാങ്ങിയ ഭൂമി ജനറൽ വിഭാഗത്തിന് ഉപയോഗിക്കുന്നത് സംബന്ധിച്ച്.**

തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾ എസ്.സി.പി ഫണ്ട് ഉപയോഗിച്ച് വാങ്ങിയ ഭൂമിയിൽ ഭവന സമുച്ചയം നിർമ്മിച്ച് പ്രസ്തുത തദ്ദേശ സ്ഥാപനത്തിലെ ഭൂരഹിതരായ മുഴുവൻ എസ്.സി ഗുണഭോക്താക്കളെയും പുനരധിവസിപ്പിച്ച ശേഷം ഭവന സമുച്ചയത്തിൽ ഫ്ളാറ്റുകൾ അവശേഷിക്കുകയാണെങ്കിൽ ആയത് ജനറൽ വിഭാഗത്തിലെ ഭൂരഹിത ഭവനരഹിതരെ പുനരധിവസിപ്പിക്കാനുള്ള അനുമതി ലഭ്യമാക്കുന്നത് യോഗം ചർച്ച ചെയ്തു.

*തീരുമാനം*

ഈ വിഷയം പട്ടികജാതി വകുപ്പിന്റെ അഭിപ്രായം വാങ്ങിയശേഷം യോഗത്തിൽ സമർപ്പിക്കാൻ സി.ഇ.ഒ-യെ ചുമതലപ്പെടുത്തി.

അജണ്ട 6

**രണ്ടാംഘട്ട ഭവന സമുച്ചയങ്ങളുടെ നിർമ്മാണം**

രണ്ടാംഘട്ട ഭവന സമുച്ചയങ്ങളുടെ നിർമ്മാണത്തിനുള്ള ഡി.പി.ആർ തയ്യാറാക്കുന്നതിനുള്ള നടപടികൾ യോഗം ചർച്ച ചെയ്തു. മൂന്ന് മേഖലയായി തിരിച്ച് ഓപ്പൺ ടെൻഡറിലൂടെ ഡി.പി.ആർ തയ്യാറാക്കുന്നതിന്റെ ചുമതല ഏജൻസികൾക്ക് നൽകാമെന്ന് യോഗം തീരുമാനിച്ചു.

*തീരുമാനം :*

സംസ്ഥാനത്തെ മൂന്ന് മേഖലകളായി തിരിച്ച് ഓപ്പൺ ടെൻഡർ വിളിച്ച് ഡി.പി.ആർ തയ്യാറാക്കുന്നതിന് ഏജൻസിയെ തിരഞ്ഞെടുക്കാൻ തീരുമാനിച്ചു.

അജണ്ട 7. **വാസയോഗ്യമല്ലാത്ത ഭവനങ്ങളുടെ പുനരുദ്ധാരണം**

വാസയോഗ്യമല്ലാത്ത ഭവനം സ്വന്തമായുള്ളവർ ലൈഫ് മിഷന്റെ ഒരു ഘടകം ആയതിനാൽ ഇത്തരത്തിലുള്ള ഭവനമുള്ള കുടുംബങ്ങളെ എപ്രകാരം പുനരധിവസിപ്പിക്കണമെന്നത് യോഗം ചർച്ച ചെയ്തു.

*തീരുമാനം:*

വാസയോഗ്യമല്ലാത്ത ഭവനം സ്വന്തമായുള്ളവരെ ഈ വർഷം പരിഗണിക്കേണ്ടതില്ലായെന്നും, അടുത്തഘട്ടത്തിൽ പരിഗണിക്കാമെന്നും തീരുമാനിച്ചു.

അജണ്ട 8. **ലൈഫ് മിഷനെ ട്രഷറി നിയന്ത്രണത്തിൽ നിന്നും ഒഴിവാക്കുന്നത് സംബന്ധിച്ച്.**

ട്രഷറി നിയന്ത്രണമുള്ളതിനാൽ ഒരു മാസത്തിന്റെ ആദ്യ പത്ത് ദിവസം ലൈഫ് മിഷൻ ബില്ലുകൾ മാറി ലഭിക്കുന്നില്ലായെന്ന് ജില്ലകളിൽ നിന്നും അറിയിച്ചിട്ടുള്ളതായി സി.ഇ.ഒ. അറിയിച്ചു. ഗുണഭോക്തൃ കേന്ദ്രീകൃതമായ എല്ലാ പദ്ധതികളുടെയും ആനുകൂല്യം ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടുകളിലേക്ക് നേരിട്ട് കൈമാറുവാൻ 16.11.2017–ലെ 147/2017/ധന. എന്ന ധനകാര്യവകുപ്പിന്റ ഉത്തരവ് പ്രകാരം സർക്കാർ തീരുമാനിച്ചിട്ടുണ്ട്. കൂടാതെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അവരുടെ തനത് ഫണ്ട് വിനിയോഗിച്ച് ലൈഫ് മിഷൻ – പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണത്തിനായി തയ്യാറാക്കിയ പദ്ധതികളുടെ ബില്ലുകൾ പാസ്സാക്കുന്നതിന് ട്രഷറി ആഫീസർമാർ വിമുഖത കാട്ടുന്നതായും ജില്ലകളിൽ നിന്നും പരാതികൾ ലഭിച്ചിട്ടുണ്ട്. പ്രസ്തുത നിയന്ത്രണങ്ങൾ ട്രഷറികൾ ഏർപ്പെടുത്തുന്നത് ലൈഫ് മിഷൻ ഗുണഭോക്താക്കൾക്ക് യഥാസമയം സഹായം നൽകുന്നതിന് ഏറെ പ്രയാസം സൃഷ്ടിക്കുന്നതാണ് എന്ന് യോഗം വിലയിരുത്തി. ലൈഫ്മിഷൻ പദ്ധതിയുടെ നടത്തിപ്പിനുവേണ്ടി പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണത്തിനായി സമർപ്പിക്കുന്ന ബില്ലുകളെ എല്ലാവിധ ട്രഷറി നിയന്ത്രണങ്ങളിൽ നിന്നും ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരിക്കാൻ ധനകാര്യവകുപ്പിനെ ചുമതലപ്പെടുത്താൻ തീരുമാനിച്ചു.

*തീരുമാനം :*

ലൈഫ്മിഷൻ പദ്ധതിയുടെ നടത്തിപ്പിനുവേണ്ടി പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണത്തിനായി സമർപ്പിക്കുന്ന ബില്ലുകളെ എല്ലാവിധ ട്രഷറി നിയന്ത്രണങ്ങളിൽ നിന്നും ഒഴിവാക്കുന്നതിനുള്ള നടപടി ജനുവരി മുതൽ സ്വീകരിക്കാൻ ധനകാര്യവകുപ്പിനെ ചുമതലപ്പെടുത്താൻ തീരുമാനിച്ചു.

അജണ്ട 9. **വിവിധ വകുപ്പു ഭവന പദ്ധതികൾ**

പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ നിർമ്മാണം മാർച്ച് 31 2018–ന് മുമ്പായി പൂർത്തീകരിക്കാനാണ് ലൈഫ് മിഷൻ ലക്ഷ്യംവെക്കുന്നത്. ഭവന പദ്ധതികൾ നടപ്പിലാക്കുന്ന വിവിധ വകുപ്പുകളുടെ ഈ വർഷത്തെ ബഡ്ജറ്റ് വിഹിതത്തിൽ നിന്നും ഭവന പദ്ധതികൾക്കായി നീക്കിവച്ചിട്ടുള്ള തുകയിൽ നിന്നും പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണത്തിന് പ്രഥമ പരിഗണന നൽകി പുതുക്കിയ യൂണിറ്റ് നിരക്കിൽ തുക നീക്കി വയ്ക്കുന്നതിനുള്ള നിർദ്ദേശം വകുപ്പുകൾക്ക് നൽകുന്നത് യോഗം ചർച്ച ചെയ്തു.

*തീരുമാനം:*

1. വിവിധ വകുപ്പുകളുടെ ഈ വർഷത്തെ ബഡ്ജറ്റ് വിഹിതത്തിൽ നിന്നും ഭവന പദ്ധതികൾക്കായി നീക്കിവച്ചിട്ടുള്ള തുകയിൽ നിന്നും പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണത്തിന് പ്രഥമപരിഗണന നൽകി തുക ചെലവഴിക്കേണ്ടതാണെന്ന് തീരുമാനിച്ചു.
2. വകുപ്പ് പദ്ധതികളുടെ പൂർത്തീകരണത്തിന് സ്വീകരിക്കേണ്ട നടപടികളെ സംബന്ധിച്ച് ബന്ധപ്പെട്ട വകുപ്പ് സെക്രട്ടറിമാരുമായി ചർച്ച നടത്തി തീരുമാനമെടുക്കാൻ എൽ.എസ്.ജി.ഡി സെക്രട്ടറിയെ ചുമതലപ്പെടുത്തി.

അജണ്ട 10. **ലൈഫ് മിഷനിൽ ജീവനക്കാരെ നിയമിക്കുന്നത് സംബന്ധിച്ച്**

നിലവിൽ ക്ലറിക്കൽ ജോലി ചെയ്യുന്നതിന് ലൈഫ് മിഷനിൽ ആകെ ഒരു മൾട്ടി ടാസ്ക് പേഴ്സൺ മാത്രമാണുള്ളത്. തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും വർക്കിംഗ് അറേഞ്ച്മെന്റിൽ ജീവനക്കാരെ ലഭ്യമാകുന്നതുവരെ നിലവിലുള്ള റാങ്ക് ലിസ്റ്റിൽ നിന്നും നാല് പേരെ ദിവസവേതനത്തിൽ നിയമിക്കുന്നതിനുള്ള അനുമതി ലഭ്യമാക്കണമെന്ന് സി.ഇ.ഒ യോഗത്തെ അറിയിച്ചു.

*തീരുമാനമെടുക്കേണ്ട വിഷയം :*

നിലവിലുള്ള എം.ടി.എസ് റാങ്ക് ലിസ്റ്റിൽ നിന്നും മൂന്ന് പേരെയും ഡാറ്റാ എൻട്രി ഓപ്പറേറ്റർമാരുടെ ലിസ്റ്റിൽ നിന്ന് ഒരാളെയും ഉൾപ്പെടെ നാലുപേരെ ദിവസവേതന അടിസ്ഥാനത്തിൽ നിയമിക്കുന്നതിനുള്ള അനുമതി നൽകാൻ യോഗം തീരുമാനിച്ചു.

അജണ്ട 11. **സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രൊസീജർ തയ്യാറാക്കുന്നത്**

ലൈഫ് മിഷൻ പ്രവർത്തനങ്ങളുടെ സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രൊസീജർ (എസ്.ഒ.പി) അടിയന്തിരമായി തയ്യാറാക്കേണ്ടതുണ്ടെന്നും, ആയത് തയ്യാറാക്കുന്നതിന് കൺസട്ടന്റിനെ നിയമിക്കുന്നതിന് അനുവാദം ലഭ്യമാക്കണമെന്നും സി.ഇ.ഒ യോഗത്തെ അറിയിച്ചു.

*തീരുമാനം :*

എസ്.ഒ.പി തയ്യാറാക്കുന്നതിന് ക്വട്ടേഷൻ ക്ഷണിച്ച് കൺസട്ടന്റിനെ നിയമിക്കാൻ സി.ഇ.ഒ.യെ ചുമതലപ്പെടുത്തി.

അജണ്ട 12 **കമ്പ്യൂട്ടർ/ലാപ്ടോപ്പ് വാങ്ങുന്നതിന് അനുമതി ലഭ്യമാക്കുന്നത്**

ലൈഫ് മിഷൻ ജില്ലാതല, സംസ്ഥാനതല ആഫീസുകളിലെ ഉപയോഗത്തിനായി ലാപ്ടോപ്പ്, ഡെസ്ക് ടോപ്പ് കമ്പ്യൂട്ടർ, പ്രിന്റർ, എൽ.സി.ഡി പ്രൊജക്ടർ, ജി.പി.എസ് ക്യാമറ എന്നിവ വാങ്ങേണ്ടതായുണ്ട്. ഇവ വാങ്ങുന്നതിന് അനുമതി ലഭ്യമാക്കണമെന്നും ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ യോഗത്തെ അറിയിച്ചു.

*തീരുമാനം :*

ലൈഫ് മിഷൻ ആഫീസുകളിലേക്ക് ആവശ്യമുള്ള ഇലക്ട്രോണിക്, ഇലക്ട്രിക് സാമഗ്രികൾ ആവശ്യാനുസരണം സർക്കാർ ചട്ടങ്ങൾക്ക് അനുസൃതമായി വാങ്ങുവാൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർക്ക് അനുമതി നൽകാൻ തീരുമാനിച്ചു.

അജണ്ട 13 **ഭവനസമുച്ചയങ്ങളുടെ നിർമ്മാണം ഭരണാനുമതി നൽകുന്നത്.**

പാലക്കാട് ജില്ലയിൽ ചിറ്റൂർ, തത്തമംഗലം മുനിസിപ്പാലിറ്റിയിൽ നിർമ്മിക്കുന്ന ഭവന സമുച്ചയത്തിന് ഭവനം ഫൗണ്ടേഷൻ തയ്യാറാക്കിയ വിശദ പദ്ധതി രേഖ യോഗം ചർച്ച ചെയ്തു. 100797423 രൂപയ്ക്കുള്ള പദ്ധതിയാണ് സമർപ്പിക്കപ്പെട്ടിട്ടുള്ളത്. ആയതിന് ഭരണാനുമതിനൽകാൻ തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയെ ചുമതലപ്പെടുത്താൻ തീരുമാനിച്ചു.

കോഴിക്കോട് ജില്ലയിൽ പുതുപ്പാടി ഗ്രാമപഞ്ചായത്തിൽ നിർമ്മിക്കുന്ന ഭവനസമുച്ചയത്തിനായി ULCCS Ltd. 147800000 രൂപയ്ക്കുള്ള സമർപ്പിച്ചപദ്ധതി രേഖ യോഗം ചർച്ച ചെയ്തു. 147800000 രൂപയ്ക്കുള്ള ഭരണാനുമതിനൽകാൻ തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയെ ചുമതലപ്പെടുത്താൻ തിരുമാനിച്ചു.

ഭവനം ഫൗണ്ടേഷൻ അടിമാലി ഗ്രാമപഞ്ചായത്തിൽ നിർമ്മിച്ച ഭവന സമുച്ചയം ലൈഫ് മിഷന് കൈമാറുന്നത് സംബന്ധിച്ച് യോഗം ചർച്ച ചെയ്തു.

*തീരുമാനം :*

1. ചിറ്റൂർ, തത്തമംഗലം മുനിസിപ്പാലിറ്റിയിൽ നിർമ്മിക്കുന്ന ഭവന സമുച്ചയത്തിന് 100797423 രൂപയ്ക്കുള്ള ഭരണാനുമതി നൽകി തിരുമാനിച്ചു.

2. പുതുപ്പാടി ഗ്രാമപഞ്ചായത്തിൽ നിർമ്മിക്കുന്ന ഭവനസമുച്ചയത്തിനായി 147800000 രൂപയ്ക്കുള്ള ഭരണാനുമതി നൽകി തിരുമാനിച്ചു.

3. ഭവനം ഫൗണ്ടേഷൻ അടിമാലി ഗ്രാമപഞ്ചായത്തിൽ നിർമ്മിച്ച ഭവന സമുച്ചയങ്ങൾ സ്ഥലത്തിന്റെ വില, നിർമ്മാണചെലവ് എന്നിവ ലൈഫ് മിഷനിൽ നിന്നും ഈടാക്കി ലൈഫ് മിഷന് കൈമാറുന്നതിനുള്ള നടപടി സ്വീകരിക്കാൻ

തീരുമാനിച്ചു. ഇതിന് വിശദമായ എം.ഒ.യു തയ്യാറാക്കേണ്ടതും സ്ഥലം സർക്കാരിന് കൈമാറേണ്ടതുമാണ്. വില നിശ്ചയിക്കുന്നതിനും കൈമാറ്റം സമയബന്ധിതമാക്കുന്നതിനായി ചീഫ് സെക്രട്ടറി, തൊഴിൽവകുപ്പ് സെക്രട്ടറി, എൽ.എസ്.ജി.ഡി സെക്രട്ടറി, ധനകാര്യ സെക്രട്ടറി, ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ലൈഫ് മിഷൻ എന്നിവരടങ്ങുന്ന സമിതിക്ക് രൂപം നൽകി. ലൈഫ് മിഷൻ, തൊഴിൽ വകുപ്പ്, ഭവനം ഫൗണ്ടേഷൻ കേരള എന്നിവർ പരസ്പരം സഹകരിച്ച് ധാരണയിൽ എത്തി ഒരു പ്രൊപ്പോസൽ കമ്മിറ്റിയിൽ സമർപ്പിക്കാൻ തീരുമാനിച്ചു.

അജണ്ട 14. **വെബ് പോർട്ടലിൽ മാറ്റം വരുത്തൽ**

പുതുക്കിയ യൂണിറ്റ് നിരക്കിൽ തുക നീക്കി വയ്ക്കുന്നതിന് വകുപ്പുകൾക്ക് നിർദ്ദേശം നൽകുമ്പോൾ പട്ടികജാതി, പട്ടികവർഗ്ഗ വികസന വകുപ്പ് മുഖാന്തിരം ആനുകൂല്യം ലഭ്യമാക്കിയ ഗുണഭോകതാക്കൾക്കായി പ്രസ്തുത വകുപ്പിന്റെ വെബ്പോർട്ടലിൽ ആവശ്യമായ മാറ്റം വരുത്തേണ്ടത് സംബന്ധിച്ച് യോഗം ചർച്ച ചെയ്തു.

*തീരുമാനം :*

പട്ടികജാതി, പട്ടികവർഗ്ഗ വികസന വകുപ്പുമായി ചർച്ച ചെയ്ത് തീരുമാനിക്കാൻ സി.ഇ.ഒ.യെ ചുമതലപ്പെടുത്തി.

അജണ്ട 15. **എസ്റ്റിമേറ്റ് തയ്യാറാക്കൽ**

പട്ടികവർഗ്ഗ ഗുണഭോക്താക്കളുടെ മുഴുവൻ എസ്റ്റിമേറ്റും നിലവിൽ ലഭ്യമായിട്ടുള്ള എൻജിനീയറിഗ് വിഭാഗത്തിന്റെയും ടി.പി.ടി.എയുടെ സഹായത്താൽ എടുത്തു തീർക്കുന്നതിന് ബുദ്ധിമുട്ടുണ്ടെന്നും, ടി സാഹചര്യത്തിൽ 50-ലധികം ഗുണഭോക്താക്കൾ വരുന്ന ഗ്രാമപഞ്ചായത്തുകൾ/ മുനിസിപ്പാലിറ്റികളിൽ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് കരാറടിസ്ഥാനത്തിൽ സാങ്കേതിക വിദഗ്ദ്ധരുടെ സേവനം വിനിയോഗിക്കുന്നത് അഭികാമ്യമാണെന്നും സി.ഇ.ഒ അറിയിച്ചു.

*തീരുമാന ം :*

തദ്ദേശസ്വയംഭരണ പ്രിൻസിപ്പൽ സെക്രട്ടറി തലത്തിൽ ഉചിതമായ തീരുമാനമെടുക്കാൻ തീരുമാനിച്ചു.

അജണ്ട 16 **അക്കൗണ്ടുകളിലെ തുക വിനിയോഗം**

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ വിവിധ അക്കൗണ്ടുകളിലായി നിലവിൽ ഉപയോഗിക്കാത്തതും ഭവന നിർമ്മാണ പദ്ധതികൾക്ക് ഉപരിയായി എന്നാൽ ബാധ്യതയില്ലാത്തതുമായ തുകയും പലിശയും വിവിധ ഭവനപദ്ധതികൾക്കായി മുൻകാലങ്ങളിൽ നീക്കിവെച്ചിട്ടുള്ളതും എന്നാൽ ബാധ്യതയില്ലാത്തതുമായ തുകയും പലിശയും ലൈഫ് മിഷന്റെ പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണ പ്രോജക്ടുകളിലേക്ക് വിനിയോഗിക്കുന്നത് യോഗം ചർച്ച ചെയ്തു.

*തീരുമാനം:*

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ വിവിധ അക്കൗണ്ടുകളിലായി നിലവിൽ ഉപയോഗിക്കാത്തതും ഭവന നിർമ്മാണ പദ്ധതികൾക്ക് ഉപരിയായി എന്നാൽ ബാധ്യതയില്ലാത്തതുമായ തുകയും പലിശയും ലൈഫ് മിഷന്റെ പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണത്തിനായി വിനിയോഗിക്കന്നതിനുള്ള അനുമതി നൽകാൻ തീരുമാനിച്ചു.

**അജണ്ട17. ഫണ്ടിന്റെ വകമാറ്റലും അധികതുക അനുവദിക്കലും**

പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണത്തിന് നിലവിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പ്രോജക്ട് വകയിരുത്തി നിർമ്മാണനടപടികൾ ആരംഭിച്ചിട്ടുണ്ട്. എന്നാൽ ചില ഗ്രാമപഞ്ചായത്തുകളിലും ബ്ലോക്ക് പഞ്ചായത്തുകളിലും നഗരസഭകളിലും ഗുണഭോക്താക്കൾക്ക് നൽകുന്നതിന് ആവശ്യമായ മുഴുവൻ തുകയും കണ്ടെത്താൻ നാളിതുവരെ സാധിച്ചിട്ടില്ല. കൂടാതെ പട്ടികവർഗ്ഗ വിഭാഗത്തിന് എസ്റ്റിമേറ്റ് നിരക്കിലുള്ള തുക കണക്കാക്കുന്നതിനായി നടപടികൾ സ്വീകരിച്ചുവരുന്നുവെന്നും, എസ്റ്റിമേറ്റ് നിരക്ക് കണക്കാക്കുമ്പോൾ ഏകദേശം 500 കോടിയോളം രൂപ നിലവിലെ വകയിരുത്തലുകൾക്ക് ഉപരിയായി ആവശ്യമായി വരുമെന്നും ഈ സാഹചര്യത്തിൽ ലൈഫ് മിഷന് അനുവദിച്ചിട്ടുള്ള 205 കോടി രൂപയിൽ 150 കോടി രൂപ ഇതിലേക്കായി വിനിയോഗിക്കുന്നതിനും അധികമായി 300 കോടിരൂപ അടിയന്തിരമായി അനുവദിക്കുന്നതിനും അനുമതി നൽകണമെന്നും സി.ഇ.ഒ യോഗത്തിൽ അഭ്യർത്ഥിച്ചു.

*തീരുമാനം :*

ലൈഫ് മിഷന് അനുവദിച്ചിട്ടുള്ള ആകെ തുകയിൽ 150 കോടി രൂപ ആവശ്യമെങ്കിൽ പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണത്തിലേക്ക് വിനിയോഗിക്കുന്നതിനും അധികമായി 300 കോടി രൂപ ലഭ്യമാക്കുന്നതിനുമുള്ള നടപടി സ്വീകരിക്കാൻ എൽ.എസ്.ജി.ഡി സെക്രട്ടറി മുഖാന്തിരം അനുമതിക്കായി അപേക്ഷിക്കാൻ തീരുമാനിച്ചു.

**അജണ്ട 18. എം.പി.കെ.ബി.വൈ ഏജന്റുമാരുടെ സേവനം**

ദേശീയ സമ്പാദ്യ പദ്ധതിയിൽ എം.പി.കെ.ബി.വൈ ഏജന്റുമാരായി സേവനമനുഷ്ഠിക്കുന്നവർക്ക് സർക്കാർ സേവനങ്ങൾ ജനങ്ങളിലേക്ക് എത്തിക്കുന്നതിലേക്കായി നിലവിൽ പ്രതിഫലം നൽകുന്നുണ്ട്. എം.പി.കെ.ബി.വൈ ഏജന്റുമാരുടെ സേവനം പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണത്തിനുള്ള മോണിറ്ററിംഗിന് പ്രയോജനപ്പെടുത്തുന്നത് നല്ലതാണെന്ന് സി.ഇ.ഒ യോഗത്തെ അറിയിച്ചു.

*തീരുമാനം :*

പുതിയ സാമ്പത്തിക ബാധ്യത ഉണ്ടാകാതെ എം.പി.കെ.ബി.വൈ ഏജന്റുമാരുടെ സേവനം പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണത്തിനുള്ള മോണിറ്ററിംഗിന് പ്രയോജനപ്പെടുത്തുന്നതിന് അനുമതി നൽകാൻ തീരുമാനിച്ചു.

**അജണ്ട 19. നഗരങ്ങളിൽ റ്റി.പി.റ്റി.എ എംപാനൽമെന്റ്**

നിലവിൽ 112 സ്ഥാപനങ്ങളെ നഗരങ്ങളിൽ റ്റി.പി.റ്റി.എ ആയി കണ്ടെത്തിയിട്ടുണ്ടെന്നും, ഇവരുടെ പട്ടിക യോഗ മുമ്പാകെ സി.ഇ.ഒ. അവതരിപ്പിക്കുകയും ചെയ്തു ഇവരെ ബന്ധപ്പെട്ട നഗരസഭകളുടെ റ്റി.പി.റ്റി.എ കളായി നിയമിക്കാൻ അനുമതിനൽകണമെന്ന് സി.ഇ.ഒ യോഗത്തെ അറിയിച്ചു.

*തീരുമാനം :*

112 സ്ഥാപനങ്ങളെ ബന്ധപ്പെട്ട നഗരസഭകളുടെ ടി.പി.റ്റി.എമാരായി ചുമതലപ്പെടുത്താൻ തീരുമാനിച്ചു.

അജണ്ട 20.

**കോഴിക്കോട് ജില്ലയിൽ ഉള്ളിയേരി ഗ്രാമപഞ്ചായത്തിൽ പി.പി.പി വ്യവസ്ഥയിൽ നിർമ്മിക്കുന്ന ഭവന സമുച്ചയ പദ്ധതിക്ക് അംഗീകാരം നൽകുന്നത്.**

കോഴിക്കോട് ജില്ലയിൽ ഉള്ളിയേരി ഗ്രാമപഞ്ചായത്തിൽ സർക്കാർ–സ്വകാര്യ സംരംഭം എന്ന നിലവിൽ Integrated Residential Township സ്ഥാപിക്കുന്നതിന്റെ പ്രെപ്പോസൽ ജില്ലാ കളക്ടർ സമർപ്പിച്ചിട്ടുണ്ടെന്നും, അതിന്റെ വിശദവിവരങ്ങളും സി.ഇ.ഒ യോഗത്തെ അറിയിച്ചു.

*തീരുമാനം:*

എ) കോഴിക്കോട് ജില്ലയിൽ സർക്കാർ സ്വകാര്യ പങ്കാളിത്തത്തോടെ നടപ്പാക്കാൻ ഉദ്ദേശിച്ചിട്ടുള്ള Integrated Residential Township പ്രോജക്ടിന് തത്വത്തിൽ അംഗീകാരം നൽകാൻ തീരുമാനിച്ചു.

ബി) വിശദമായ പ്രോജക്ട് പ്രൊപ്പോസൽ സമർപ്പിക്കാൻ ജിലലാ കളക്ടറെ ചുമതലപ്പെടുത്താൻ തീരുമാനിച്ചു.

ചീഫ് സെക്രട്ടറി